ത്രങ്ങളിൽ പുരോഹിതന്മാർ പെൺകുട്ടിയുടെ കഴുത്തിൽ താലികെട്ടുന്നതോടൊപ്പം ഒരു ആടിനെ മുറിച്ചു സദ്യനടത്തുകയും പതിവുണ്ട്. ചില ക്ഷേത്രങ്ങളിൽ പെൺകുട്ടികളുടെ കഴുത്തിൽ താലിക്കുപകരം കെട്ടുക ഏഴ് കവിടികൾ കോർത്തു നിർമിച്ച മാലയാണ്.

ദേവദാസിമാരായിത്തീർന്ന പെൺകുട്ടികൾ പിന്നെ വിധിപ്രകാരം വിവാഹംകഴിച്ചുകൂടാ. അവർ സമൂഹത്തിന്റെ പൊതുസ്വത്തായിത്തീരുന്നു. ഉയർന്ന ജാതികളിൽപ്പെട്ട പണക്കാരായ ജന്മിമാരും ക്ഷേത്രോപജീവികളും മറ്റും അവരെ വെപ്പാട്ടികളാക്കിത്തീർക്കുന്നു. അവരുടെ കുട്ടികൾ നിയമപ്രകാരം തന്തയില്ലാത്തവരാണ്. ദേവദാസിമാരിൽ പലരും ക്ഷേത്രപരിസരംവിട്ടു നഗരങ്ങളിലെ വേശ്യത്തെരുവുകളിൽ എത്തിച്ചേരുന്നു. പുണേ പട്ടണത്തിലെ വേശ്യകളിൽ അമ്പതുശതമാനവും ക്ഷേത്രങ്ങളിൽനിന്നുവരുന്ന ദേവദാസികൾ ആണത്രേ. ബോംബെയിലെ വേശ്യകളിൽ ഇരുപതുശതമാനം ദേവദാസികൾ ആകുന്നു. തെക്കേ മഹാരാഷ്ട്രത്തിലും വടക്കേ കർണാടകത്തിലും വേശ്യമാരിലധികവും ദേവദാസികൾതന്നെ. ദില്ലിനഗരത്തിലെ വേശ്യമാരിൽ പത്തുശതമാനമെങ്കിലും ക്ഷേത്രങ്ങളിൽനിന്നു വന്നവരാണെന്നു പറയപ്പെടുന്നു.

തൊഴിൽ വ്യഭിചാരമാണെങ്കിലും ദേവദാസികളെ പുണ്യവതികളായാണു കരുതുന്നത്. ചിലേടത്ത് ഇവരെ വിളിക്കുന്നത് 'മംഗളാമുഖികൾ' എന്നാകുന്നു. നല്ല കാര്യത്തിനു പുറപ്പെടുമ്പോൾ ദേവദാസികളെ കണ്ടാൽ ഉദ്ദിഷ്ടഫലം ഉടൻ കൈവരുമെന്നാണു വിശ്വാസം. ഭർത്താവില്ലാത്ത ഇവർ വിധവകൾ ആകുകയില്ല; അതിനാൽ നിത്യസുമംഗലികളാണ്. പല പ്രദേശങ്ങളിലും വിവാഹത്തിനു താലികെട്ടാൻ ഉപയോഗിക്കുന്ന മഞ്ഞച്ചരടു പിരിച്ചുകൊടുക്കാനുള്ള അവകാശം ദേവദാസികൾക്കാകുന്നു. ചില ക്ഷേത്രങ്ങളിൽ ദേവദാസിമാർക്കു വള, കുങ്കുമം, മൈലാഞ്ചി മുതലായ വഴിപാടുകൾ കൊടുക്കുന്ന പതിവുണ്ട്.

മതാചാരനിഷ്ഠമായ വ്യഭിചാരം (ദേവദാസീ സമ്പ്രദായം) അവസാനിപ്പിക്കാനുള്ള പല നിയമങ്ങളും ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിലവിലുണ്ട്. എന്നിട്ടും സതിയെപ്പോലെതന്നെ ലജ്ജാകരവും സതിയേക്കാൾ എത്രയോ വ്യാപകവുമായ ഈ ദുഷിച്ച സമ്പ്രദായം സ്വതന്ത്രഭാരതത്തിൽ തഴച്ചുവളരുകതന്നെയാണ്.

ദേവദാസികളെ തൊഴിൽ പരിശീലിപ്പിച്ചു സാധാരണജീവിതത്തിലേക്കു കൊണ്ടുവരുന്നതിനു നടത്തിയ പരിശ്രമങ്ങളൊന്നും ഫലപ്രദമായിട്ടില്ല.

വനിതാസംഘടനകൾക്ക് ഊർജിതമായി പ്രവർത്തിക്കുവാനുള്ള ഒരു മേഖലയാണ് ദേവദാസീസമ്പ്രദായ നിരോധനം. ആയിരക്കണക്കിനു പ്രവർത്തകർ ഒത്തുചേർന്നു ദീർഘകാലം അദ്ധ്വാനിച്ചാലേ ഈ രംഗത്ത് എന്തെങ്കിലും പുരോഗതി ഉണ്ടാവൂ.

(26 ഒക്ടോബർ, 1987)

# 40. ആർ. എസ്സ്. എസ്സ്.

'രാഷ്ട്രീയ'ത്തിൽ (പൊളിററിക്സിൽ) പ്രവേശിക്കാൻ രാഷ്ട്രീയ സ്വയംസേവകസംഘ(ആർ. എസ്. എസ്.)ത്തിന് ഉദ്ദേശമില്ലെന്ന്, ആ സംഘടനയുടെ ജോയിന്റ് ജനറൽ സെക്രട്ടറിയായ പ്രൊഫസർ രാജേന്ദ്രസിംഹ് 1987 നവംബർ 21-ാം തീയതി പത്തനംതിട്ടയിൽ ചേർന്ന ഒരു പ്രവർത്തകസമ്മേളനത്തിൽ പ്രസ്താവിച്ചു. ഇന്ദിരാകോൺഗ്രസ്സുമായി

രാഷ്ട്രീയ—സഖ്യം സ്ഥാപിക്കുന്നതിനു് ആർ. എസ്സ്. എസ്സ്. ശ്രമിച്ചുവരുകയാണെന്നു്, ഒരാഴ്ചമുമ്പ് പത്രങ്ങളിലുണ്ടായിരുന്ന അഭ്യൂഹത്തെ നിഷേധിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസം, സമൂഹസേവനം എന്നീ മണ്ഡലങ്ങളിലെ സംഘടിത പ്രവർത്തനത്തിലൂടെ രാഷ്ട്രത്തെ ശക്തിപ്പെടുത്തുകയാണു് ആർ. എസ്സ്. എസ്സിന്റെ ലക്ഷ്യമെന്നു് പ്രൊഫസർ രാജേന്ദ്രസിംഹ് പറഞ്ഞു. ഇന്ദിരാ—കോൺഗ്രസ് ക്ഷയിച്ചുകൊണ്ടിരിക്കുകയാണെന്നും, പഴയ മഹിമ ഇനിയൊരിക്കലും അതിനു തിരിച്ചു കിട്ടുകയില്ലെന്നും ആണു് ആർ. എസ്സ്. എസ്സ്. വിശ്വസിക്കുന്നതു്. അതേസമയം ഇന്ദിരാ—കോൺഗ്രസ്സിനു പകരം നിൽക്കാവുന്ന ഒരു രാഷ്ട്രീയ വികല്പം ഇനിയും ഉരുത്തിരിഞ്ഞു വന്നിട്ടില്ലെന്നും ആർ. എസ്സ്. എസ്സ്. കരുതുന്നു. ഇന്ത്യയിൽ ഒരു രാഷ്ട്രീയവികൽപമാകാൻ തങ്ങൾക്കു കഴിയുമെന്നു് രണ്ടു കമ്യൂണിസ്റ്റ് പാർട്ടികളും ഇനിയും തെളിയിച്ചിട്ടില്ല. കമ്യൂണിസ്റ്റ് പാർട്ടികൾക്കു ദേശീയത (നാഷണലിസം) ഇല്ലെന്നും, അവയെ നയിക്കുന്നതു് മററു കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ ആദർശസംഹിതകളാണെന്നുമത്രേ ആർ. എസ്സ്. എസ്സിന്റെ വിശ്വാസം.

ക്രിസ്തുവർഷം എട്ടാം നൂററാണ്ടിന്റെ ആരംഭത്തിൽ, ഇന്ത്യയിലാദ്യത്തെ ഇസ്ലാമിക ഭരണകൂടം സിന്ധിൽ സ്ഥാപിതമായതോടെ, ഹിന്ദുമതത്തിന്റെയും ആ മതത്തിൽ പുലർന്നുവന്ന ജനതയുടെയും അധഃപതനം ആരംഭിച്ചുവെന്നു വിശ്വസിക്കുന്നവരുണ്ടു്. ഈ അധഃപതനം, 1947—ൽ ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നു മോചനംനേടി ഇന്ത്യ ഒരു സ്വതന്ത്രരാഷ്ട്രമായിത്തീർന്നതിനുശേഷവും തുടർന്നുവരുകയാണെന്ന വിശ്വാസത്തിന്റെ ഫലമാണു് ഹിന്ദുപുനരുത്ഥാനവാദം (ഹിന്ദുറിവൈവലിസം). സമകാലഭാരതത്തിൽ ഹിന്ദുപുനരുത്ഥാനവാദത്തെ ഏററവുമധികം സംഘടിതമായും ശക്തമായും പ്രതിനിധാനം ചെയ്യുന്നതു് ആർ. എസ്സ്. എസ്സ്. ആകുന്നു. പട്ടാളച്ചിട്ടയ്ക്കു തുല്യമായ അച്ചടക്കം പുലർത്തുന്നതായി വിശ്വസിക്കപ്പെടുന്ന, സുശിക്ഷിതരായ, 'സേവക'രുടെ സംഘടന (കാഡർ പാർട്ടി) ആണു് ആർ. എസ്സ്. എസ്സ്. 'ഗുരു' എന്ന നിലയിൽ ഭൗതികവും കുറയൊക്കെ ആധ്യാത്മികവുമായ അധികാരം വഹിക്കുന്ന 'സർസംഘ ചാലക'ന്റെ കീഴിൽ, പൂർണമായും ശ്രേണീകൃതമാണു് ആർ. എസ്സ്. എസ്സിന്റെ നേതൃത്വം. സേവകരെ വളരെ ചെറുപ്പത്തിൽത്തന്നെ ആകർഷിച്ചു്, സംഘടിതങ്ങളായ കായികാഭ്യാസപരിപാടികളിലൂടെയും നിരന്തരങ്ങളായ പ്രബോധനങ്ങളിലൂടെയും അവരിൽ അച്ചടക്കവും സദാചാരബോധവും ചാരിത്രവും (ക്യാരക്ടർ) ദേശാഭിമാനവും വികസിപ്പിക്കുകയാണു് ആർ. എസ്സ്. എസ്സിന്റെ ദൈനംദിന പരിപാടി. വിശ്വഹിന്ദു പരിഷത്തു് എന്ന മതസംഘടനയിലൂടെയും ഭാരതീയ മസ്ദൂർസംഘം (ബി. എം. എസ്സ്.) എന്ന തൊഴിലാളിസംഘടനയിലൂടെയും വിദ്യാർത്ഥി പരിഷത്തു് എന്ന വിദ്യാർത്ഥി സംഘടനയിലൂടെയും ആർ. എസ്സ്. എസ്സ്. ബഹുജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നു.

രാഷ്ട്രീയ സ്വയം സേവകസംഘത്തിലെ അംഗങ്ങൾക്കിടയിൽ ആദ്യകാലത്തു കാണപ്പെട്ടിരുന്ന അച്ചടക്കവും, പൂർണമായ അയിത്തമില്ലായ്മയും, ജീവിതത്തിന്റെ എളിമയും മഹാത്മാഗാന്ധിയെ ആകർഷിക്കുകയുണ്ടായി. എന്നാൽ, ഇന്ത്യാവിഭജനത്തെത്തുടർന്നു നടന്ന ഹിന്ദു—മുസ്ലീം—ലഹളകളിൽ ആർ. എസ്സ്. എസ്സ്. വഹിച്ചതായി കരുതപ്പെട്ടിരുന്ന പങ്കിനെപ്പററി ഗാന്ധിജിക്കു വലിയ ആശങ്കയുണ്ടായിരുന്നു. മഹാത്മാഗാന്ധിയെ വധിക്കുന്നതിനുവേണ്ടി നടന്ന ഗൂഢാലോചനയിൽ ആർ. എസ്സ്. എസ്സിനു പങ്കാളിത്തമുള്ളതായി കരുതപ്പെട്ടിരുന്നു. ഗാന്ധി

ജിയുടെ വധത്തെത്തുടർന്നു് 1948–49 വർഷങ്ങളിൽ ആർ. എസ്. എസ്സിനെ ഇന്ത്യാഗവണ്മെൻറ് നിരോധിക്കുകയുണ്ടായി.

രണ്ടാമത്തു് ആർ. എസ്. എസ്. നിരോധിക്കപ്പെട്ടതു് ഇന്ദിരാ ഗാന്ധി ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച കാലത്തായിരുന്നു. ഈ നിരോധം 1975 ജൂലൈ മുതൽ 1977 മാർച്ച് വരെ ഇരുപത്തൊന്നുമാസം നീണ്ടുനിന്നു. 'ജമായത്തേ ഇസ്ലാമി' എന്ന മുസ്ലിം വർഗീയസംഘടനയും ഈ കാലത്തു നിരോധിക്കപ്പെട്ടിരുന്നു. അടിയന്തരാവസ്ഥക്കാലത്തു് ഇന്ദിരാഗാന്ധിക്കെതിരായ ഗൂഢപ്രവർത്തനം ഏററവും ഫലപ്രദമായി നടത്തിക്കൊണ്ടിരുന്നതു് ആർ. എസ്. എസ്. ആണെന്നു വിശ്വസിക്കപ്പെടുന്നു. അതേതായാലും, 1977 മാർച്ചിലെ തിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയെ സമ്പൂർണമായി പരാജയപ്പെടുത്തുന്നതിലും, ജനതാമുന്നണിയെ അധികാരത്തിൽ വരുത്തുന്നതിലും ആർ. എസ്. ആസ്. നിർണായകമായ പങ്കു വഹിക്കുകയുണ്ടായി എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പാർലമെൻറിലെ ആകെയുള്ള 542 സ്ഥാനങ്ങളിൽ 298 സ്ഥാനങ്ങളും പിടിച്ചടക്കിയ ജനതാമുന്നണിയിലെ മുഖ്യഘടകമായിരുന്നതു് 93 സ്ഥാനങ്ങരം നേടിയ 'ജനസംഘ'മായിരുന്നു. ജനസംഘമാകട്ടെ ആർ. എസ്. എസ്സിൻെറ രാഷ്ട്രീയ രൂപാന്തരമായിട്ടാണു കരുതപ്പെട്ടിരുന്നതു്.

ജനതാമുന്നണി–ഭരണകാലത്തും തിരഞ്ഞെടുപ്പുകാലക്കു സ്വന്തം സ്ഥാനാർഥികളെ നിറുത്തുകയോ, ഭരണത്തിൽ നേരിട്ടു പങ്കാളിത്തം വഹിക്കുകയോ ആർ. എസ്. എസ്. ചെയ്തില്ല. ഒരു സാന്മാർഗികശക്തി (മോറൽഫോഴ്സ്) എന്ന നിലയിൽ ദൈനംദിനരാഷ്ട്രീയത്തിൽനിന്നു് ഉയർന്നു നില്ലവാനും, അതേസമയം മററു പാർട്ടികളിലെ അംഗങ്ങളിലൂടെ തങ്ങളുടെ സ്വാധീനം ഭരണത്തിൽ പ്രതിഫലിപ്പിക്കുവാനുമാണു് ആർ. എസ്. എസ്. നേതാക്കരം ആഗ്രഹിച്ചതു്. എങ്കിലും വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, യുവജനക്ഷേമം മുതലായ മണ്ഡലങ്ങളിൽ സക്കാരുമായി സഹകരിക്കാൻ ആർ. എസ്. എസ്. സന്നദ്ധമാണെന്നു് 1977 മേയ്മാസത്തിൽ സർസംഘചാലകൻ ബാലാസാഹിബ് ദേവരശ് പത്രങ്ങളോടു പ്രസ്താവിക്കുകയുണ്ടായി. 1977–നുശേഷം ആർ. എസ്. എസ്സിൻെറ സംഘടന പെട്ടെന്നു വളർന്നു. 1975–ൽ ഇന്ത്യയിലാകെ ആർ. എസ്. എസ്സിനു് 8500 ശാഖകരം ആണുണ്ടായിരുന്നതു്. 1977–ൽ ശാഖകളുടെ എണ്ണം 11,000 ആയി. 1978–ൽ ശാഖകളുടെ എണ്ണം 13,000 ആയി വർധിച്ചു. 1981–ൽ 20,000 [ഇരുപതിനായിരം] ശാഖകരം ആണു് ആർ. എസ്. എസ്സിനുണ്ടായിരുന്നതു് എന്നു കാണുന്നു. മുമ്പു് ആർ. എസ്. എസ്സിനു വളരെയൊന്നും സ്വാധീനമില്ലാതിരുന്ന ദക്ഷിണേന്ത്യയിൽ ആ സംഘടന കണക്കിലെടുക്കാതെ തരമില്ലാത്ത ഒരു ശക്തിയായി രൂപംകൊണ്ടതു് ഇക്കാലത്തായിരുന്നു. 1985–നടുത്തു് കേരളത്തിലെ 5,000(അയ്യായിരം) ഗ്രാമങ്ങളിൽ ആർ. എസ്. എസ്. ശാഖകരം പ്രവർത്തിച്ചിരുന്നുവത്രെ. ആർ എസ്. എസ്സിൻെറ യോഗങ്ങളിൽ 1981–ൽ ആകെ പത്തുലക്ഷം 'സേവകർ' പങ്കെടുത്തിരുന്നതായും, ഇതേ ആണ്ടിൽ 'ഗുരുദക്ഷിണ' എന്ന പേരിൽ ആർ. എസ്. എസ്സിലേക്കു് ഒരുകോടി രൂപ സംഭാവനയായി ലഭിച്ചതായും കേന്ദ്ര ഗവണ്മെൻറിൻെറ ഗൃഹമന്ത്രാലയം കണക്കാക്കിയിട്ടുണ്ടു്.

ജനതാമുന്നണിയിലെ ഒരു ഘടകമായ ജനസംഘത്തോടു പ്രത്യേകം കൂറു പുലർത്തിക്കൊണ്ടു്, മുന്നണിക്കു പുറത്തു്, ഒരു സ്വതന്ത്രസംഘടന എന്ന നിലയിൽ, ആർ. ആസ്. എസ്. വളർന്നുവരുന്നതു് ആ മുന്നണിയിലെ ജനസംഘേതര ഘടകങ്ങരംക്കു്, പ്രത്യേകിച്ചും ചന്ദ്രശേഖറിനെപ്പോലുള്ള 'സോഷ്യലിസ്റ്റു്' പാർട്ടിക്കാർക്കും ചരൺസിംഹിനെപ്പോലു

ള്ള ലോക്ദൾകാർക്കും, ഇഷ്ടമായില്ല. അതിനാൽ, ആർ. എസ്. എസ്. പിരിച്ചുവിടണമെന്നും, അതിലെ അംഗങ്ങൾ ജനതാമുന്നണിയിലെ ഏതെങ്കിലും ഘടകത്തിൽ (ജനസംഘത്തിൽ എന്ന വ്യംഗ്യം) ലയിക്കണമെന്നും അവർ ആവശ്യപ്പെട്ടു. ആർ. എസ്. എസ്. നേതാക്കൾക്ക് ഇതു സമ്മതമായിരുന്നില്ല. അപ്പോൾ, ലാൽകൃഷ്ണ അഡ്വാനിയെപ്പോലുള്ള നേതാക്കൾ ജനസംഘത്തിലെ അംഗങ്ങളെന്ന നിലയിൽ ജനത മന്ത്രിസഭയിൽ അംഗങ്ങളായിരിക്കെത്തന്നെ ആർ. എസ്. എസ്സിൽ അംഗത്വം നിലനിർത്തുന്നതിനു് (ദ്വി–കക്ഷിഅംഗത്വത്തിനു്) എതിരായി സോഷ്യലിസ്റ്റ്–ലോക്ദൾ നേതാക്കൾ പ്രക്ഷോഭണം ആരംഭിച്ചു. 1978 മധ്യം ആയപ്പോഴേക്കു്, ആർ. എസ്. എസ്സുകാർ കൂടിയായ ജനസംഘക്കാരെ ജനതമുന്നണിയിൽനിന്നു പുറത്താക്കണമെന്നു് ലോക്ദൾ നേതാക്കൾ ആവശ്യപ്പെട്ടു തുടങ്ങി. ഇതിൻഫലമായി, അടുത്ത പൊതു തെരഞ്ഞെടുപ്പിൽ ആർ. എസ്. ആസ്. ഒരു വിധത്തിലും പങ്കെടുക്കുകയില്ലെന്നു് 1978 ജൂലായിയിൽ സർ സംഘചാലകൻ ബാലാസാഹേബ്ദേവരശ് പ്രഖ്യാപിച്ചു. 1979–ൻെറ മദ്ധ്യത്തിൽ ജനതമുന്നണി തകരാനുണ്ടായ കാരണങ്ങളിൽ പ്രധാനമായ ഒന്നു് ജനസംഘാംഗങ്ങളുടെ ആർ. എസ്. എസ്. ബന്ധത്തോടു സോഷ്യലിസ്റ്റ്–ലോക്ദൾ ഗ്രൂപ്പുകാർക്കുണ്ടായിരുന്ന എതിർപ്പുകൂടിയാണു്.

ജനതമുന്നണിക്കകത്തു് ആർ. എസ്. എസ്സിനോടുണ്ടായിരുന്ന വിരോധത്തിനു് ഒരു കാരണം, ഹിന്ദുക്കളല്ലാത്തവർക്കു് ആർ. എസ്സ്. എസ്സിൽ അംഗത്വം നൽകിയിരുന്നില്ലെന്നതാണു്. അടിയന്തരാവസ്ഥയ്ക്കു മുമ്പും അതിനുശേഷവും ആർ. എസ്സ്. എസ്സുമായി അടുത്തു സഹകരിച്ച ജയപ്രകാശ് നാരായണനെപ്പോലുള്ളവർ, ആ സംഘടനയിൽ ഒന്നുകിൽ മുസ്ളീങ്ങളെ അംഗങ്ങളായി ചേർക്കുകയോ, അല്ലെങ്കിൽ ആർ. എസ്. എസ്. സംഘടന പിരിച്ചുവിടുകയോ വേണമെന്നു് ആവശ്യപ്പെട്ടിരുന്നു. ആരാധനാസമ്പ്രദായം (മതം) ഏതായിരുന്നാലും, ഇന്ത്യയിൽ ജനിച്ചവരെല്ലാം 'ഹിന്ദു' എന്ന പദത്തിൻെറ വ്യാപ്തിയിലുൾപ്പെടുമെന്നു് സർസംഘചാലകൻ ദേവരശ് ഒരിക്കൽ പ്രസ്താവിക്കുകയുമുണ്ടായി. എന്നാലും ഹിന്ദു പുനരുത്ഥാനമെന്ന മൗലിക ലക്ഷ്യവുമായി ഹിന്ദു ഇതര–അംഗങ്ങൾ വിയോജിച്ചേക്കുമെന്നതിനാലും, 'സേവക'ക്കു് ഉണ്ടായിരിക്കണമെന്നു നിഷ്കർഷിക്കപ്പെടുന്ന അച്ചടക്കം ഹിന്ദു–ഇതരഅംഗങ്ങളിൽനിന്നു പ്രതീക്ഷിച്ചുകൂടെന്നതിനാലും, ഹിന്ദുക്കളല്ലാത്തവരെ സംഘത്തിൽ അംഗങ്ങളാക്കുന്നതിനു് ആർ. എസ്സ്. എസ്സ്. പ്രവർത്തകർ പൊതുവെ എതിരായിരുന്നു. 1977 മുതൽ ഹിന്ദു–ഇതരർക്കും ആർ. എസ്സ്. എസ്സിൽ അംഗങ്ങളാവാൻ ആ സംഘടനയുടെ നിയമങ്ങൾ തടസ്സമല്ല എന്നാണുപറയപ്പെടുന്നതു്. പക്ഷേ, ഹിന്ദുക്കളല്ലാത്തഎത്രപേർ ഇപ്പോൾ ആർ. എസ്സ്. എസ്സിലുണ്ടു് എന്നു് അറിഞ്ഞുകൂടാ, ഹിന്ദുസമൂഹത്തെ ഏകീകരിക്കുകയും അയിത്താചാരം, ജാതിവ്യവസ്ഥ, സ്ത്രീധനസമ്പ്രദായം എന്നിവ അവസാനിപ്പിക്കുകയുമാണു്, ആർ. എസ്. എസ്സിൻെറ മുഖ്യ ലക്ഷ്യങ്ങളെന്നു് 1979–ൽ ശ്രീ ദേവരശ് പ്രസ്താവിച്ചിട്ടുമുണ്ടു്. ഈ കാര്യങ്ങളിൽ ഹിന്ദുക്കളല്ലാത്തവർക്കു നേരിട്ടു വലിയ താല്പര്യം ഉണ്ടാകാനിടയില്ലല്ലോ.

1980–ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ ജനതമുന്നണി തോററു തറപററി. ശ്രീ മൊറാർജിദേസായി പ്രധാനമന്ത്രിപദം രാജിവയ്ക്കുമ്പോൾ പാർലമെൻറിൽ ജനതമുന്നണിക്കു് 203 അംഗങ്ങളുണ്ടായിരുന്നു. പക്ഷേ, 1980–ലെ തെരഞ്ഞെടുപ്പിൽ ജനതാമുന്നണിക്കു മുപ്പത്തൊന്നു സ്ഥാനങ്ങളേ ലഭിച്ചുള്ളു. ഈ മുപ്പത്തൊന്നിൽ പതിനാറു സ്ഥാനങ്ങൾ നേടിയതു ജനസംഘം ഗ്രൂപ്പായിരുന്നുതാനും. (ജനസംഘം എം. പി. മാരുടെ

സംഖ്യ തൊണ്ണൂററിമൂന്നിൽനിന്ന് പതിനാറ് ആയി കറഞ്ഞു.) ചരൺസിംഹിൻെറ നേതൃത്വത്തിൽ ലോക്ദറം നാല്പത്തൊന്നു സീററുകറം നിലനിർത്തി. ശ്രീമതി ഇന്ദിരാഗാന്ധിയുടെ കോൺഗ്രസ് പാർട്ടിക്ക് പാർലമെൻറിലെ അംഗസംഖ്യ 153-ൽനിന്നു 351 ആയി വർദ്ധിച്ചു. തങ്ങറക്കെതിരായിജനതാമുന്നണിക്കകത്തു നിരന്തരം നടന്നുവന്ന വിമർശനങ്ങളിൽ അസന്തുഷ്ടരായ ആർ. എസ്. എസ്സുകാർ നിഷ്ക്രിയരായിരുന്നതാണ് ജനതാമുന്നണി 1980-ലെ തിരഞ്ഞെടുപ്പിൽ പരാജയപ്പെടാനുണ്ടായ മുഖ്യകാരണമെന്നു കരുതുന്നവർ കറവല്ല. ആർ. എസ്. എസ്സുകാർ ജനതാമുന്നണി കൈവിട്ട് ഇന്ദിരാഗാന്ധിയുമായി രഹസ്യമായി ഒരു ഉടമ്പടി ഉണ്ടാക്കിയതുമൂലമാണ് ജനതമുന്നണി പരാജയപ്പെട്ടതു് എന്നു്, അന്നു് ആ മുന്നണിയുടെ തലവൻ ആയിരുന്ന ശ്രീ ജഗ്ജീവൻറാം ആരോപിക്കുകയുമുണ്ടായി.

1980 ഏപ്രിൽ മാസത്തിൽ ഭാരതീയ ജനതാപാർട്ടി (ബി. ജെ. പി) രൂപവല്ക്കരിക്കപ്പെട്ടതു് പഴയ ജനസംഘത്തിൻെറ ഒരു തുടർച്ചയെന്ന നിലയിലാണ്. 'രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടാതെ ജനങ്ങളുടെ സാമൂഹ്യമോ സാംസ്കാരികമോ ആയ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളിലെ അംഗങ്ങളെ' ബി. ജെ. പി യിൽ അംഗങ്ങളായി ചേരാൻ ക്ഷണിച്ചിരുന്നു. ഇതിനു് അർത്ഥം ആർ. എസ്. എസ്സുകാർക്ക് ബി. ജെ. പി.യിൽ സ്വാഗതമുണ്ടെന്നുതന്നെയായിരുന്നു. എങ്കിലും, ബി. ജെ. പി.യ്ക്കു് ഒരു മത നിരപേക്ഷ പാർട്ടിയെന്ന പ്രതിഛായ നൽകുന്നതിനുവേണ്ടി, അതിൻെറ അദ്ധ്യക്ഷനായിരുന്ന ശ്രീ അടൽബിഹാരി വാജപേയി മി. സികന്ദർ ബക്ത് എന്ന മുസ്ളിമിനെ ജനറൽ സെക്രട്ടറിമാരിൽ ഒരാളായി നിയമിക്കുകയുണ്ടായി. ഏതായാലും, ബി. ജെ. പി.യിലേക്ക് ആർ. എസ്. എസ്സുകാരുടെ വൻതോതിലുള്ള പ്രവാഹം ഉണ്ടായില്ല. 1983-ൽ പ്രഫസർ രാജേന്ദ്രസിംഹ് പ്രസ്താവിച്ചതുപോലെ, രാഷ്ട്രീയം ഒരു വൃത്തികെട്ട ഏർപ്പാടാണെന്ന ധാരണ അതിനിടെ പല ആർ. എസ്. എസ്സുകാർക്കും വന്നുകഴിഞ്ഞിരുന്നു. എങ്കിലും, 1980-ലെ സംസ്ഥാന നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ, പഴയ ജനസംഘത്തിൻെറ പാരമ്പര്യം നിലനിർത്താൻ ബി. ജെ. പി.ക്കു കഴിഞ്ഞു. 'ആർ. എസ്. എസ്സിനു രാഷ്ട്രീയ പാർട്ടികളിൽ ബി. ജെ. പി.യോടാണു്, ഒരുപക്ഷേ, ഏററവുമടുപ്പം' എന്നു് 1982-ൽ ശ്രീ ദേവരശ് പ്രസ്താവിക്കുകയും ഉണ്ടായി. എന്നിട്ടും, തുടർന്നു നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകറം ബി. ജെ. പി.യെ വളർത്തുകയല്ല, തളർത്തുകയാണുണ്ടായതു്. പ്രത്യേകിച്ച്, 1983-ൽ ദില്ലി മെട്രോപ്പോളിററൻ കൗൺസിലിലേക്കും ദില്ലി കോർപ്പറേഷനിലേക്കും നടന്ന തെരഞ്ഞെടുപ്പുകളിൽ ബി. ജെ. പി.ക്കു നേരിട്ട പരാജയം അതിഭീമമായിരുന്നു. ഈ തെരഞ്ഞെടുപ്പുകളിൽ ആർ. എസ്. എസ്സുകാർ ഇന്ദിരാകോൺഗ്രസ്സിനെ സഹായിച്ചതായി പരക്കെ വിശ്വസിക്കപ്പെടുന്നു.

1984-ൽ പാർലമെൻറിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ, 221 സ്ഥാനാർത്ഥികളെ നിർത്തിയ ബി. ജെ. പി.ക്കു ലഭിച്ചതു രണ്ടു സ്ഥാനങ്ങറം മാത്രമായിരുന്നു. ആർ. എസ്; എസ്സുകാർ ഇത്തവണയും കോൺഗ്രസ്സിനെ സഹായിക്കുകയാണ് ഉണ്ടായതെന്നു പറയപ്പെടുന്നു. പഞ്ചാബിലെ ഭീകരപ്രവർത്തനം അമർച്ചചെയ്യാനും, ഇന്ത്യ പല രാജ്യങ്ങളായി ചിതറിപ്പോകുന്നതു തടയാനും രാജീവഗാന്ധി പ്രധാനമന്ത്രി പദത്തിൽ തുടരേണ്ടതു് ആവശ്യമാണെന്നു് അന്നു ഭൂരിപക്ഷം ഹിന്ദുക്കളോടുമൊപ്പം ആർ. എസ്. എസ്സുകാരും കരുതിയിരിക്കാം. 'ഹിന്ദുതിരിച്ചടി' (ഹിന്ദു ബാക്ക്ലാഷ്) എന്ന പേരിൽ ആണ് ഈ പ്രതിഭാസം വിവരിക്കപ്പെടുന്നതു്.

1984—ലെ പൊതു തെരഞ്ഞെടുപ്പിനുശേഷം സ്റ്റേററ് നിയമസഭകളിലേക്ക നടന്ന പതിനൊന്നു തെരഞ്ഞെടുപ്പുകളിൽ ബി. ജെ. പി.യുടെ പ്രകടനം ഇത്രയും മോശമായിരുന്നില്ല. ഏതു കാലത്തും ആർ. എസ്. എസ്സിൽ ഉറച്ചുനിന്നിരുന്ന ശ്രീ ലാൽ കൃഷ്ണ അഡ്വാനി 1986—ൽ ബി.ജെ. പി.യുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടതു്, സാധാരണ ആർ. എസ്. എസ്സുകാർക്കു് ആ പാർട്ടിയോടു കൂറുണ്ടാകുന്നതിനു കാരണമായിട്ടുണ്ടാവാം. എങ്കിലും, കേന്ദ്രത്തിൽ ഇന്ദിരാ—കോൺഗ്രസ്സിനു് ഒരു വികല്പം എന്ന നില ബി. ജെ. പി.ക്ക കൈവന്നതായി ആരും വിശ്വസിക്കുന്നില്ല. അതിനാൽ, ദീർഘവീക്ഷണവും ഇന്ത്യയുടെ ഐക്യത്തിലും അഖണ്ഡതയിലും താല്പര്യവുമുള്ള ആർ. എസ്. എസ്സുകാർ, വ്യക്തിപരങ്ങളായ അയോഗ്യതകൾ ഇല്ലാത്തപക്ഷം, കോൺഗ്രസ് പാർട്ടി സ്ഥാനാർത്ഥികളെ തെരഞ്ഞെടുപ്പുകളിൽ തുടർന്നും സഹായിച്ചു കൂടായ്കയില്ല. ഈ പശ്ചാത്തലത്തിലാണു്, കോൺഗ്രസ്സുമായി രാഷ്ട്രീയസഖ്യം സ്ഥാപിക്കുന്നതിനു് ആർ എസ്. എസ്. ശ്രമിച്ചുവരുകയാണെന്ന പത്രങ്ങളിലെ അഭ്യൂഹങ്ങളെ നാം കാണേണ്ടതു്.

കേരളത്തിലെ അയ്യായിരം ഗ്രാമങ്ങളിൽ ആർ. എസ്. എസ്സിനു ശാഖകളുണ്ടെങ്കിൽ, ഒരുപക്ഷേ, മാർക്സിസ്റ്റ് പാർട്ടി കഴിഞ്ഞാൽ, ഈ സ്റ്റേററിൽ ഏററവുമധികം കെട്ടുറപ്പുള്ള സംഘടന ആർ. എസ്. എസ്. ആയിരിക്കണം. പരസ്പരം വിട്ടുവീഴ്ചയില്ലാത്ത ശത്രുതാമനോഭാവമാണു് മാർക്സിസ്റ്റ് പാർട്ടിയും ആർ. എസ്. എസ്സും കേരളത്തിൽ പുലർത്തിവരുന്നതു്. കൂടക്കൂടെ ഈ രണ്ടു സംഘടനകളുടെയും പ്രവർത്തകർ കേരളത്തിൽ വധിക്കപ്പെടാറുണ്ടു്. അപ്പോഴൊക്കെ മറേറ സംഘടനയിലെ പ്രവർത്തകരുടെ പേരിൽ കൊലക്കുററം ആരോപിക്കപ്പെടുകയും ചെയ്യുന്നു. ഈ ചുററുപാടിൽ, കേരളത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണിക്ക ആർ. എസ്. എസ്സിന്റെ പിന്തുണ കിട്ടുകയെന്നതു് അചിന്തനീയമാകുന്നു.

മുസ്ളീം ലീഗുമായി സംഖ്യത്തിൽ വർത്തിക്കുന്ന കാലത്തോളം ഇന്ദിര—കോൺഗ്രസ്സിനും ആർ. എസ്. എസ്. അനുഭാവികളുടെ സഹായം കേരളത്തിൽ ലഭിക്കുകയുണ്ടാവില്ല. മാർക്സിസ്റ്റ് നേതൃത്വത്തിലുള്ളതായാലും കോൺഗ്രസ് നേതൃത്വത്തിലുള്ളതായാലും, രണ്ടുമുന്നണികളും അധികാരത്തിലെത്തുമ്പോൾ ചെയ്യുന്ന പ്രവർത്തനങ്ങൾ സാമ്പത്തികമായും സാംസ്കാരികമായും സംഘടനാപരമായും ഹിന്ദുവിഭാഗത്തെ ക്ഷീണിപ്പിക്കുന്നതിനേ ഉതകുന്നുള്ളു എന്ന വിശ്വാസം ഹിന്ദുപുനരുത്ഥാനവാദികൾക്കുണ്ടു്. കേരളത്തിൽ ജനസംഖ്യ വർദ്ധിക്കുന്ന തോതിനു്, ജനസംഖ്യയിൽ ഹിന്ദുക്കളുടെ അനുപാതം കുറഞ്ഞുവരുന്നതു് അവർ ആശങ്കയോടെയാണു നിരീക്ഷിക്കുന്നതു്. ദേവസ്വം ബോർഡുകൾ എന്ന പേരിൽ ഇരുമുന്നണികളുടെയും പാർശ്വവർത്തികൾ മാറിമാറി ഹിന്ദുദേവാലയങ്ങളുടെ സ്വത്തുക്കൾ ധൂർത്തടിക്കുന്നതു് അവർ കാണാതിരിക്കുന്നില്ല. ഇതിന്റെകൂടി ഫലമായി കേരളത്തിൽ ഹിന്ദുധർമ്മ സ്ഥാപനങ്ങൾ നാൾക്കുനാൾ അധഃപതിച്ചു വരുകയാണു്. ഹിന്ദുമത ബോധത്തിനുള്ള പാരമ്പര്യമാർഗങ്ങൾ എല്ലാം അടഞ്ഞുപോയിരിക്കുന്നു; പുതിയ മതബോധന സ്ഥാപനങ്ങൾ ഉണ്ടായിവരുന്നുമില്ല.

കേരളത്തിലെ സാംസ്കാരിക—അന്തരീക്ഷത്തെപ്പററി ഒരു ശരാശരി ആർ. എസ്. എസ്സുകാരന്റെ വിലയിരുത്തൽ ഇതാണു്. രാഷ്ട്രീയ പ്രവർത്തനത്തിലൂടെ (അതായതു് തെരഞ്ഞെടുപ്പിലൂടെ അധികാരം കൈപ്പററിക്കൊണ്ടു്) ഈ ദുസ്ഥിതിക്ക പരിഹാരം തേടുകയെന്നതു് കേരളത്തിൽ ഇന്നു പ്രായോഗികമല്ല. ഈ സംസ്ഥാനത്തിൽ ഏറെക്കുറെ തുല്യശക്തിയാർജിക്കുകയും സ്ഥിരത നേടുകയും ചെയ്തുകഴിഞ്ഞ രണ്ടു വികല്പങ്ങളും—കോൺ

ഗ്രസ് മുന്നണിയും മാർക്സിസ്റ്റ് മുന്നണിയും—തമ്മിൽ, ഹിന്ദു സാംസ്കാരിക പുനരുത്ഥാനത്തെസ്സംബന്ധിച്ചിടത്തോളം, എന്തെങ്കിലും വ്യത്യാസമുണ്ടെന്ന സാധാരണ ആർ. എസ്. എസ്സുകാർ കരുതുന്നില്ല. മാർക്സിസ്റ്റുകാരും, ആർ. എസ്. എസ്സുകാരും തമ്മിലുള്ള അഭിപ്രായവൈരുദ്ധ്യങ്ങൾ കുടലുടെ കത്തി കഠാരി പ്രയോഗത്തിലെത്തുമ്പോൾ, അത്തരമൊരു സ്ഥിതിവിശേഷം കോൺഗ്രസ്സ്—ആർ. എസ്. എസ്സ്. ബന്ധങ്ങളിലില്ലെന്നതു മാത്രമാണ്, സാധാരണ ആർ. എസ്. എസ്സുകാരുടെ ദൃഷ്ടിയിൽ, കേരളത്തിലെ മാർക്സിസ്റ്റ്പാർട്ടിയും ഇന്ദിരാ കോൺഗ്രസ് പാർട്ടിയും തമ്മിലുള്ള ഭേദം.

ഈ സാഹചര്യത്തിൽ, ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയുടെ പിന്നിൽ കേരളത്തിലെ ആർ. എസ്. എസ്സുകാർ തങ്ങളുടെ സ്വാധീനശക്തി കേന്ദ്രീകരിക്കുകയെന്നതു് ആസന്നഭാവിയിൽ സംഭവ്യമാണെന്ന തോന്നുന്നില്ല. സ്വന്തം സ്ഥാനാർത്ഥികളേ തെരഞ്ഞെടുപ്പിനു നിർത്തിയാൽ, കേരളത്തിലെ ഏതെങ്കിലും നിയമസഭാ നിയോജകമണ്ഡലത്തിൽ അവർക്കു വിജയ സാദ്ധ്യതയുമില്ല, പഞ്ചായത്തു്—മുനിസിപ്പാലിററി തെരഞ്ഞെടുപ്പുകളിൽ ചിലേടത്തൊക്കെ ആർ. എസ്. എസ്സുകാർക്കു ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞെന്നുവരും. പക്ഷേ, രാഷ്ട്രീയ—അധികാരത്തിൽ പങ്കു നേടുകയെന്ന ലക്ഷ്യത്തെസ്സംബന്ധിച്ചിടത്തോളം പ്രാദേശിക സ്വയംഭരണമേഖലയ്ക്കു വലിയ പ്രാധാന്യമൊന്നും ഇപ്പോൾ ഇല്ല.

അതിനാൽ, രാഷ്ട്രീയമായ ഏതെങ്കിലും നയവ്യതിയാനത്തിനു മുതിരാതെ, സംഘടനയുടെ ചട്ടക്കൂട് ഉറപ്പിക്കുന്നതിലും, വിശ്വഹിന്ദുപരിഷത്തു്, വിദ്യാർത്ഥിപരിഷത്തു് മുതലായ ബഹുജനസംഘടനകളിലൂടെ ഹിന്ദു സംസ്കാരം പ്രചരിപ്പിക്കുന്നതിലും ഒതുങ്ങിനില്ക്കും കേരളത്തിലെ ആർ. എസ്. എസ്. പ്രവർത്തനം എന്നു കരുതാനാണു ന്യായം. ഈ സ്ഥിതിക്കു് അടുത്തൊന്നും വ്യത്യാസമുണ്ടാവുമെന്നു തോന്നുന്നില്ല.

(വിവരങ്ങൾ അധികവും 1987 നവംബർ 8–ൽ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽനിന്നു സംഗ്രഹിച്ചതു്.)

(22 നവംബർ, 1987)

# 41. ഝാർഖണ്ഡ്

ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ, വർഗ—ന്യൂനപക്ഷങ്ങൾ, ഹരിജനങ്ങൾ, ആദിവാസികൾ മുതലായ 'മർദിത'വിഭാഗങ്ങളെ ഒരൊററ സംഘടനയ്ക്കു കീഴിൽ കൊണ്ടുവന്നു്, ഇന്ദിരാകോൺഗ്രസ്സിനെതിരായ ഒരു ശക്തിയായി വളർത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമ്മേളനം സി. പി. ഐ. (എം. എൽ.) താൽക്കാലിക കേന്ദ്രകമ്മററിയുടെ ആഭിമുഖ്യത്തിൽ 1987 നവംബർ അവസാനവാരത്തിൽ പാട്നയിൽ ചേരുകയുണ്ടായി. അകാൽതഖ്ത് മുഖ്യപുരോഹിതസ്ഥാനം രാജിവെച്ച ശ്രീ ദർശൻസിംഹ് രാഗി, പശ്ചിമബംഗാൾ മാർക്സിസ്റ്റ് പാർട്ടിയിലെ മി. ഭാസ്കർ നന്ദി, സി. പി. ഐ. (എം. എൽ.) നേതാവായ ശ്രീ സന്തോഷ റാണ, അഖിലേന്ത്യാ സിഖ് വിദ്യാർത്ഥിഫെഡറേഷൻെറയും ഗുജറാത്തിലെ വിദ്യാർത്ഥിസംഘടനകളുടെയും പ്രതിനിധികൾ മുതലായവർ ഉൾപ്പെട്ട ഒരു സ്റ്റിയറിങ് കമ്മററിയാണു് ഈ സമ്മേളനം നയിച്ചിരുന്നതു് എന്നു കാണുന്നു. ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ട്,